**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 150** **05-12-2022 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് സബ് ജയിൽ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചാവക്കാട് സബ് ജയിൽ പ്രസ്തുത സ്ഥലത്ത് നിന്നും മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ചാവക്കാട് സബ് ജയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്നും മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതികളൊന്നും തന്നെ നിലവിലില്ല. |
| (ബി) | പ്രസ്തുത സബ് ജയിലിന്റെ നിലവിലുള്ള നവീകരണ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ചാവക്കാട് സബ് ജയിലിന് പുതിയ ചുറ്റുമതിലും ഗേറ്റും നിർമ്മിക്കുന്നതിന് നടപ്പ് വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 154 ലക്ഷം (ഒരു കോടി അൻപത്തിനാല് ലക്ഷം രൂപാ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജയിലിന്റെ അടുക്കള നവീകരണത്തിന് 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപാ മാത്രം) പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. |
| (സി) | 2022-23 ബജറ്റിൽ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയ (ക്രമനമ്പർ-1954) സബ് ജയിൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | 2022-23 ബഡ്ജറ്റിൽ 'ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ' ക്രമ നം. 1954 ആയി ചാവക്കാട് സബ് ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടങ്കൽ തുകയായ 315 ലക്ഷം (മൂന്ന് കോടി പതിനഞ്ച് ലക്ഷം രൂപ മാത്രം) രൂപയിൽ 100/- രൂപ (നൂറ് രൂപാ മാത്രം) ടോക്കൺ പ്രൊവിഷൻ ആയി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ